**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 91** **07-06-2021 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിൽ പുതിയ ഫയർ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; | (എ) | 5 സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ തുറക്കുന്നതിനും, 9 സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിയ്ക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയും 18-02-21-ലെ സ.ഉ.(എം.എസ്.)51/2021/ ആഭ്യന്തരം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഫയർസ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് പുതിയ ശുപാർശകളൊന്നും നിലവിൽ പരിഗണനയിലില്ല. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനായി സർക്കാരിൽ അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പുതുതായി തുറക്കാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളെ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തി മുൻഗണനാ പട്ടിക തയ്യാറാക്കുമ്പോൾ ബാലുശ്ശേരി മുൻ എം.എൽ.എ.യുടെ കത്ത്, ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷ എന്നിവയുടെ അടിസ്ഥാനത്തിലും കൂടി പരിശോധന നടത്തുവാൻ വകുപ്പ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ വകുപ്പ് തലത്തിൽ തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ ബാലുശ്ശേരി ഉൾപ്പെട്ടിരുന്നില്ല. |
| (സി) | കക്കയം ഡാം, കിനാലൂർ വ്യവസായ കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളും മലയോര ഗ്രാമപഞ്ചായത്തുകളും ഉൾപ്പെട്ട ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | വകുപ്പ്തലത്തിൽ ശാസ്ത്രീയ പഠനം നടത്തി സമർപ്പിക്കുന്ന മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുന്ന പക്ഷം ഭരണാനുമതിക്ക് വിധേയമായി മാത്രമേ ഫയർസ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ